പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 409 — 28 /06/2012 - ൽ മറുപടിക്ക്

## പാചകവാതകത്തിന്റെ സബ്സിഡി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.എം.ഹംസ<br>ശ്രീ.എ.പ്രദീപ്കുമാർ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) പാചകവാതകത്തിന്റെ സബ്സിഡി എടുത്തുകളയുന്നത് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| ബി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തിൽ ബുദ്ധിമുട്ടുന്ന ജനങ്ങൾക്ക് പാചകവാതകത്തിന്റെ വിലവർദ്ധന താങ്ങാൻ കഴിയുന്നതല്ല എന്ന കാര്യം അറിവുണ്ടോ; | ബി) കേരളത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും പാചകത്തിനായി എൽ.പി.ജി.യെ ആണ് ആശ്രയിക്കുന്നത് എന്നതിനാൽ പാചകവാതകത്തിന്റെ വില വർദ്ധനമൂലം ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാൻ ഇടയുണ്ട്. |
| സി) എങ്കിൽ ഇത്തരം നീക്കത്തിനെതിരെ കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്താൻ നടപടി സ്വീകരിക്കുമോ | സി) എൽ.പി.ജി. വിലവർദ്ധനവിനെതിരെ കേരള നിയമസഭയുടെ 18-7-11-ലെ പ്രമേയം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| ഡി) സംസ്ഥാനത്തെ പാചകവാതക ഉപഭോക്താക്കളെ സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; വിശദമാക്കാമോ? | ഡി) ഓയിൽ കമ്പനികളുടെ സ്റ്റേറ്റ്ലെവൽ കോ-ഓർഡിനേറ്റർ നൽകിയ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ആകെ 71,81,842 പാചകവാതക കണക്ഷനുകൾ നിലവിലുണ്ട് (01-06-2012 ലെ, കണക്കുകൾ പ്രകാരം) വിശദമായ കണക്ക് ചുവടെ ചേർക്കുന്നു. |

| കമ്പനിയുടെ പേര് | ആകെ ഉപഭോക്താക്കളുടെ എണ്ണം | സിംഗിൾ സിലിണ്ടർ കണക്ഷനുള്ളവരുടെ എണ്ണം | ഡബിൾ സിലിണ്ടർ കണക്ഷനുള്ളവരുടെ എണ്ണം |
| --- | --- | --- | --- |
| IOC | 37,98,676 | 15,29,464 | 22,69,212 |
| BPC | 21,62,458 | 10,02,602 | 11,59,856 |
| HPC | 12,20,708 | 4,80,045 | 7,40,663 |
| ആകെ | 71,81,842 | 30,12,111 | 41,69,731 |

സെക്ഷൻ ഓഫീസർ